# സയ്യിദ് മൗദൂദിയും ജനാധിപത്യവും

**ജനാധിപത്യത്തെക്കുറിച്ച്** മൗലാനാ മൗദൂദി നടത്തിയ പരാമർശങ്ങളെ സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്ത് ദുർവ്യാഖ്യാനിക്കുകയും, അദ്ദേഹം അതിനെ ശക്തമായി വിമർശിക്കുകയും നിരാകരിക്കുകയും ചെയ്യുന്നുവെന്ന് ആക്ഷേപിക്കുകയും ചെയ്യുന്ന പ്രവണത ഇപ്പോഴും നാം കണ്ടുകൊണ്ടിരിക്കുന്നു. യഥാർഥത്തിൽ ജനാധിപത്യത്തെ അടച്ചാക്ഷേപിക്കുകയല്ല അദ്ദേഹം ചെയ്തത്. അതിന്റെ ന്യൂനതകൾ ചൂണ്ടിക്കാട്ടുന്നതോടൊപ്പം മികവുകൾ ഊന്നിപ്പറയുകയും ചെയ്തിരുന്നു അദ്ദേഹം. 1970-കളിൽ രചിക്കപ്പെട്ട 'തഫ്ഹീമാതി'ൽ മൗദൂദി ജനാധിപത്യത്തെ ഇങ്ങനെ വിലയിരുത്തുന്നു;

"ഖുർആനും സുന്നത്തും നിർദേശിക്കുന്നതും ദേശവാസികളുടെ താൽപര്യങ്ങൾക്ക് അനുഗുണവുമാണ് യഥാർഥത്തിൽ ജനാധിപത്യം. രാജ്യം ഏതെങ്കിലും വ്യക്തിയുടെയോ വിഭാഗത്തിന്റെയോ ഗ്രൂപ്പിന്റെയോ അല്ല, മറിച്ച് ആ രാജ്യത്ത് വസിക്കുന്ന മുഴുവൻ ജനങ്ങളുടെയും സ്വത്താകുന്നു എന്നാണ് ജനാധിപത്യത്തിന്റെ നേർക്കുനേരെയുള്ള അർഥം. അതുകൊണ്ട് തന്നെ, അതാര് ഭരിക്കണമെന്ന് തീരുമാനിക്കേണ്ടത് ജനങ്ങളുടെ അല്ലെങ്കിൽ അവരിൽ ഭൂരിപക്ഷത്തിന്റെ ഇഷ്ടമനുസരിച്ചായിരിക്കണം. ഭരണാധികാരിയെ തെരഞ്ഞെടുക്കാൻ മാത്രമല്ല, ഒഴിവാക്കി മറ്റൊരാളെ തെരഞ്ഞെടുക്കാനും അവർക്ക് സാധിക്കണം.

ഈ തത്ത്വം പ്രായോഗികമാക്കുന്നതിന് ലോകത്ത് പലരീതികളും നടപ്പിലുണ്ട്. അവയല്ലാത്ത മാർഗങ്ങളും അവലംബിക്കാവുന്നതാണ്. അതിന്റെ ഏതെങ്കിലും രീതിയല്ല ഇവിടെ ചർച്ചചെയ്യാനുദ്ദേശിക്കുന്നത്. മറിച്ച്, ഇവിടെ സ്വീകരിക്കപ്പെട്ട രീതികളിൽ ജനാധിപത്യത്തിന്റെ യഥാർഥ ആത്മാവ് ഉൾച്ചേർന്നിട്ടുണ്ടോ എന്നതാണ്. രാജ്യവാസികൾക്ക് പകരം ഏതെങ്കിലുമൊരു ജനവിഭാഗത്തിന്റെ താൽപര്യങ്ങൾക്കനുസരിച്ച് ഭരണം നടത്തുന്ന ഭരണകൂടത്തിനുമേൽ ജനാധിപത്യം എന്ന് വെണ്ടക്ക അക്ഷരങ്ങളിൽ എഴുതിവെച്ചതുകൊണ്ട് കാര്യമില്ല. അത്തരമൊരു ഏർപ്പാടിന് ഭൂരിപക്ഷത്തിന്റെ ആത്മാർഥമായ സഹകരണം പ്രതീക്ഷിക്കേണ്ടതുമില്ല. ഈ ഏർപ്പാടിൽ രാജ്യപുരോഗതിയോ ജനക്ഷേമമോ ആയിരിക്കില്ല ലക്ഷ്യം. ക്രമേണ അത് ജനഹിതത്തിനെതിരാവുകയും ഒടുവിൽ സംഘർഷത്തിനും അരാജകത്വത്തിനും വഴിവെക്കുകയും ചെയ്യും. വിനാശകരമായ ഇത്തരമൊരവസ്ഥ സംജാതമാകുന്നതിൽനിന്ന് രാഷ്ട്രത്തെ രക്ഷിക്കേണ്ടതുണ്ട്. അതിന് ആദ്യം വേണ്ടത്, രാജ്യത്തിന്റെ ഭരണവ്യവസ്ഥയെ സ്വാധീനിക്കാവുന്ന മുഴുവൻ ആളുകളും ജനാധിപത്യത്തിന്റെ അന്തസത്ത ഉൾക്കൊള്ളുകയാണ്. ശേഷം ഈ തത്ത്വം പ്രാവർത്തികമാക്കുന്ന ഭരണകൂടം സ്ഥാപിക്കാൻ ഒത്തൊരുമിച്ച് ശ്രമിക്കണം.

ജനാധിപത്യത്തിലും ഒത്തിരി ന്യൂനതകളും പോരായ്മകളും ഉണ്ടെന്ന കാര്യം നിസ്തർക്കമാണ്. ജനങ്ങൾക്ക് ധാർമികബോധമില്ലെങ്കിൽ, രാജ്യത്തിന്റെ താൽപര്യത്തിനും ജനങ്ങളുടെ ക്ഷേമത്തിനും പരിഗണന നൽകുന്നതിനു പകരം വ്യക്തിപരവും പാർട്ടിപരവും പ്രാദേശികവും വംശീയവുമായ താൽപര്യങ്ങൾക്കാണ് മുൻഗണന നൽകുന്നതെങ്കിൽ ജനാധിപത്യത്തിന്റെ ദൂഷ്യങ്ങൾ പ്രകടമാകും. ഈ സത്യം അംഗീകരിക്കുന്നതോടൊപ്പം അത്തരം ദൂഷ്യങ്ങൾ ഇല്ലാതാക്കുന്നതിനും വിവേകമുള്ള ഒരു സുസംഘടിത സമൂഹമായി ജനങ്ങളെ പരിവർത്തിപ്പിക്കുന്നതിനുമുള്ള മാർഗം ജനാധിപത്യം തന്നെയാണെന്നത് യാഥാർഥ്യമായി അവശേഷിക്കുന്നു.

ഒരു മനുഷ്യന് സ്വതന്ത്രമായി പ്രവർത്തിക്കാനും സ്വന്തം ഉത്തരവാദിത്വങ്ങൾ നിർവഹിക്കാനും കഴിയുമ്പോഴാണ് അവന് സ്വന്തംകാലിൽ നിൽക്കാൻ കഴിയുക. തുടക്കത്തിൽ സ്വന്തം ദൗർബല്യങ്ങളുടെ പാഠശാലയിൽനിന്ന് പഠിച്ച്, തടസ്സങ്ങളെ തട്ടിമാറ്റി വിജയലക്ഷ്യം നേടാൻ അവൻ പ്രാപ്തനാകുന്നു. മറ്റൊരാളുടെ തണലിലും താങ്ങിലും മാത്രം ജീവിക്കുന്നയാൾക്ക് പിന്നെയൊരിക്കലും സ്വയം പര്യാപ്തിനേടാനാവില്ല. ഇതുതന്നെയാണ് സമൂഹങ്ങളുടെയും സ്ഥിതി. നന്മതിന്മകളെ വിവേചിച്ചറിഞ്ഞ് തീരുമാനമെടുക്കാൻ സ്വയം സജ്ജമാകുന്നില്ലെങ്കിൽ ആ സമൂഹത്തിന് ബാല്യം പിന്നിട്ട് വിവേകമതികളാവാൻ സാധിക്കില്ല; നഷ്ടം നേരിട്ടേക്കാം, തെറ്റുകൾ സംഭവിച്ചേക്കാം. എന്നാലും അനുഭവങ്ങളിൽനിന്ന് പാഠമുൾക്കൊണ്ട് ശരിയായി പ്രവർത്തിക്കാനുള്ള കഴിവു നേടിയെടുക്കാൻ സാധിക്കും.

ജനാധിപത്യവ്യവസ്ഥിതിയിൽ ഒരാൾക്ക് രാജ്യം തന്റേതാണെന്നും അതിന്റെ ഗുണദോഷങ്ങൾ സ്വന്തം ഗുണദോഷങ്ങളാണെന്നും ഉത്തമബോധ്യമുണ്ടാകുന്നു. വ്യക്തിപരമായി അയാൾക്ക് മറിച്ചൊരു നിലപാടാണ് ഉള്ളതെങ്കിൽ പോലും. ഇത് വ്യക്തികളിൽ സാമൂഹികബോധം സൃഷ്ടിക്കുന്നു. ഓരോ വ്യക്തിയും രാഷ്ട്രത്തിന്റെ കാര്യത്തിൽ ഉത്സുകനും ഉത്കണ്ഠാകുലനുമായിത്തീരുന്നു. തദ്ഫലമായി രാജ്യത്തിന് വേണ്ടി പ്രവർത്തിക്കാനും രാജ്യത്തിന്റെ അകത്തും പുറത്തുമുള്ള ശത്രുക്കളിൽനിന്ന് അതിനെ സംരക്ഷിക്കാനും അവർ പ്രതിജ്ഞാബദ്ധരായിത്തീരുന്നു. എന്നാൽ രാജഭരണത്തിലും സ്വേഛാധിപത്യത്തിലും സോഷ്യലിസ്റ്റ് ഭരണക്രമത്തിലാണെങ്കിൽ പോലും പൊതുജനം വെറും കാഴ്ചക്കാരായിരിക്കും. പ്രശ്നങ്ങളോടുള്ള പ്രതികരണങ്ങളിലോ വികസന പ്രവർത്തനങ്ങളിലോ അവർക്ക് സ്വന്തം ഇഛയും താൽപര്യവും ഉപയോഗിക്കാൻ കഴിയില്ല. എന്തൊക്കെ ദോഷമുണ്ടെങ്കിലും, ജനാധിപത്യത്തിന് ഈയൊരു ദോഷം കാണാനാവില്ല" (*തഫ്ഹീമാത്* വാള്യം 5).

സമ്പാ: **അബ്ദുർറഹ്മാൻ കൊടിയത്തൂർ**